University of Malayalam of File EG I.3/Name Change/Name Correction/15981/2019 Approved by CONTROLLER OF EXAMINATIONS on 27-Nov-2025 04:15 PM - Page 1

**KANNUR UNIVERSITY**
കണ്ണൂർ സർവകലാശാല

**(സംഗ്രഹം)**

കണ്ണൂർ സർവകലാശാലയുടെ എല്ലാ രേഖകളിലും, NAD/Digilocker ഡേറ്റയിലും വിദ്യാർത്ഥികളുടെ പേരിന്റെ രേഖപ്പെടുത്തൽ ഏകീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ – ഉത്തരവ് പുറപ്പെടുവിക്കുന്നു

**പരീക്ഷാ വിഭാഗം**

EG I.3/Name Change/Name Correction/15981/2019 | Kannur,തീയതി: 27.11.2025

പരാമർശം:-1. 29.08.2019 , തിയതിയിലെ സർവകലാശാല ഉത്തരവ് നം Eg1.3/Name change/correction/15981/2019.
2. 21.06.2025 തിയതിയിലെ സർവകലാശാല ഉത്തരവ് നം EX/EG I-III/2126/Fee/2024
3. 24.10.2025 തിയതിയിലെ സിൻറിക്കേറ്റ് തീരുമാനം ഐറ്റം നം. 2025.839
4. 19.11.2025 തിയതിയിലെ അനൗദ്യോഗിക കുറിപ്പ് നം EG VII/EG VII-I/8699/2024

**ഉത്തരവ്**

പരാമർശം (1), (2) പ്രകാരം യോഗ്യതാ സർട്ടിഫിക്കറ്റ് / ഗസറ്റ് നോട്ടിഫിക്കേഷൻ അടിസ്ഥാനമാക്കി സർവകലാശാലാ രേഖകളിൽ വിദ്യാർത്ഥികളുടെ പേരിന്റെ തിരുത്തൽ / പേര് മാറ്റുന്നതിനുള്ള നിയമങ്ങൾ നിശ്ചയിച്ചിരുന്നു

കണ്ണൂർ സർവകലാശാലയിൽ നിലവിൽ വിദ്യാർത്ഥികളുടെ യുജി/പി.ജി ഒറിജിനൽ സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് തുടങ്ങിയ രേഖകൾ, യോഗ്യതാ സർട്ടിഫിക്കറ്റിലുള്ള പേരിനനുസരിച്ചാണ് അനുവദിച്ചുവരുന്നത്. എന്നാൽ പേരുകളിലും ഇനീഷ്യലുകളിലും ഇടയിൽ ഡോട്ട് (.) ഉപയോഗിക്കുന്നതിലും സ്പേസ് നൽകുന്നതിലും ഉണ്ടാകുന്ന വ്യത്യാസങ്ങൾ മൂലം NAD / Digilocker -ൽ ഡാറ്റ അപ്‌ലോഡ് ചെയ്യുമ്പോൾ ആധാർ കാർഡിലെ പേരുമായി പൊരുത്തക്കേടുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഡോട്ട് ഒഴിവാക്കി സ്പേസ് മാത്രം ഉപയോഗിക്കുന്ന Name Format സർവകലാശാലയിൽ ഏകീകരിക്കുന്നതിനെ കുറിച്ച് പരാമർശം (3) പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുവാൻ പരാമർശം (4) പ്രകാരം E.G-7 സെക്ഷൻ നിർദേശിച്ചിരിക്കുന്നു.

1. യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ (SSLC / Higher Secondary / Diploma / Degree Certificate) രേഖപ്പെടുത്തിയിരിക്കുന്ന വിദ്യാർത്ഥിയുടെ പേരും ഇനീഷ്യലുകളും സർവകലാശാല രേഖകളിലുടനീളം രേഖപ്പെടുത്തുമ്പോൾ പേരുകൾക്കും ഇനീഷ്യലുകൾക്കുമിടയിൽ വരുന്ന എല്ലാ ഡോട്ടുകളും (.) ഒഴിവാക്കണം. അതിന്റെ സ്ഥാനത്ത് ഒരു സ്പേസ് മാത്രം നൽകി രേഖപ്പെടുത്തണം.
   *ഉദാഹരണം: "A. B. MAC" അല്ലെങ്കിൽ "A. B MAC" അല്ലെങ്കിൽ "A B. MAC" എന്നതിനെ → A B MAC എന്ന തരത്തിൽ ഏകീകരിക്കേണ്ടതാണ്*

2. കോളേജ് അഡ്മിഷൻ സോഫ്റ്റ്‌വെയറായ CAP-ൽ വിദ്യാർത്ഥികളുടെ പേരുകൾ യോഗ്യത സർട്ടിഫിക്കറ്റ് അനുസരിച്ച് രേഖപ്പെടുത്തി അപേക്ഷിക്കുമ്പോൾ ഡോട്ട് ഒഴിവാക്കി സ്പേസ് മാത്രം നൽകുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ ഐ.ടി സെൽ അടിയന്തരമായി നടപ്പിലാക്കണം.

3. പ്രിൻസിപ്പൽമാരും വകുപ്പ് മേധാവികളും വിദ്യാർത്ഥികളുടെ പേരുകൾ യോഗ്യതാ

സർട്ടിഫിക്കറ്റിലേതുപോലെ ആധാർ രേഖകളിലും ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും, വിദ്യാർത്ഥികളുടെ പേരുകളിലും ഇനിഷ്യലുകൾക്കിടയിലും ഡോട്ട് ഉണ്ടെങ്കിൽ കൂടി അത് ഒഴിവാക്കിയ രീതിയിൽ തന്നെയാണോ സമർപ്പിച്ചിരിക്കുന്നത് എന്നും ഒന്നാം സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷന് മുൻപ് പരിശോധിച്ച് ഉറപ്പുവരുത്തണം.

ഇത് 2025-26 അധ്യയന വർഷത്തിലെ പ്രവേശനം മുതൽ നിർബന്ധമായും പാലിക്കേണ്ടതാണ്.

4. സർവകലാശാല തയ്യാറാക്കുന്ന താഴെപ്പറയുന്ന എല്ലാ സർവകലാശാല അക്കാദമിക് രേഖകളിലും ഈ Name Format (Without Dot - Single Space only) നിർബന്ധമായും പാലിക്കണം.

- അഡ്മിഷൻ രേഖകൾ
- വിദ്യാർത്ഥി പ്രൊഫൈലുകൾ
- പരീക്ഷാ രജിസ്ട്രേഷൻ
- മാർക്ക് ലിസ്റ്റ് / ഗ്രേഡ് കാർഡ്
- ഡിഗ്രി / പി.ജി സർട്ടിഫിക്കറ്റുകൾ
- പ്രൊവിഷണൽ, മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ
- ഡിജിറ്റൽ ഡിഗ്രി/ മാർക്ക് ലിസ്റ്റ് (NAD / Digilocker)
- വിദ്യാർത്ഥികളുടെ പേരുകൾ ഉൾക്കൊള്ളുന്ന മറ്റു ഔദ്യോഗിക അക്കാദമിക് രേഖകൾ

5. വിദ്യാർത്ഥിയുടെ പേര് ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റുകളിൽ TITLE CASE (ഇംഗ്ലീഷ് വലിയക്ഷരം- Capital Letter) മാത്രം ഉപയോഗിക്കണം.

6.അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ പേരുകൾ യോഗ്യത പ്രമാണപ്രകാരം ശരിയായി നൽകപ്പെട്ടിട്ടുണ്ടോ, ഡോട്ട് ഒഴിവാക്കിയിട്ടുണ്ടോ എന്നിവ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾ പരിശോധിച്ച് ഉറപ്പുവരുത്തണം.

7. ഒന്നാം സെമസ്റ്റർ ഓൺലൈൻ മാർക്ക് ലിസ്റ്റിൽ വിദ്യാർത്ഥി തൻറെ പേര് യോഗ്യതാ സർട്ടിഫിക്കറ്റിനനുസരിച്ച് (Without Dot) ശരിയായി നൽകിയിട്ടുണ്ടെന്ന് സ്ഥിരീകരിക്കണം. ഈ ഘട്ടത്തിനു ശേഷം ആവശ്യപ്പെടുന്ന പേരിലെ തിരുത്തലുകൾക്കായി സർവകലാശാല നിർദ്ദിഷ്ട ഫീസ് ഈടാക്കും. ഇതുസംബന്ധിച്ച Disclaimer മലയാളത്തിൽ ഓൺലൈൻ മാർക്ക് ലിസ്റ്റിൽ പ്രദർശിപ്പിക്കുന്നതിനായി ഐ.ടി വിഭാഗം ആവശ്യമായ നടപടി സ്വീകരിക്കണം.

8. സർട്ടിഫിക്കറ്റ് Apply/Generation Portal-ലും NAD/Digilocker ഡാറ്റ അപ്‌ലോഡിംഗിലും മേൽപ്പറഞ്ഞ Name Format ഉറപ്പാക്കുന്ന രീതിയിൽ System Level Validation നിയമങ്ങൾ നടപ്പിലാക്കാൻ ഐ.ടി സെൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തണം.

9 . ഈ ഉത്തരവ് 2022-25 UG ബാച്ച്, 2023-25 PG ബാച്ച് ,2024-25 അക്കാദമിക് വർഷം മുതൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന എല്ലാ ബിരുദത്തിലും ബിരുദാനന്തര ബിരുദത്തിലും (പ്രൊഫഷണൽ ബിരുദങ്ങളും ഡിപ്ലോമകളും ഉൾപ്പെടെ) ഉള്ള സർട്ടിഫിക്കറ്റുകൾക്കും മറ്റ് രേഖകൾക്കും പ്രസ്തുത മാറ്റം പ്രാബല്യത്തിൽ വരുന്നു.

10. സർവകലാശാല അനുവദിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകൾക്കും അനുബന്ധ രേഖകൾക്കും ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ ഈ മാറ്റം പ്രാബല്യത്തിൽ വരുന്ന

11. പേര് തിരുത്തലുമായി ബന്ധപ്പെട്ട മറ്റ് എല്ലാ സർവകലാശാല നിയമങ്ങളും ഫീസുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നേരത്തെയുള്ളത് പോലെ തന്നെ തുടരും.

സൂചന (1), (2) പ്രകാരമുള്ള സർവകലാശാല ഉത്തരവുകൾ മേൽ പ്രതിപാദിച്ച പ്രകാരം ഭേദഗതി ...ത്തി ഉത്തരവായിരിക്കുന്നു..

ഉത്തരവുകൾ യഥാവിധി പുറപ്പെടുവിക്കുന്നു .

Univers...alayalam of File EG I.3/Name Change/Name Correction/15981/2019 Approved by CONTROLLER OF EXAMINATIONS on 27-Nov-2025 04:15 PM - Page 2

ഒപ്പ്/-
**പ്രൊഫ്. ഡോ . ജിതേഷ് കെ**
**പരീക്ഷാ കൺട്രോളർ**

സ്വീകർത്താവ്:1. The Principals of Affiliated Colleges& HoD's of Department
2. All Assistants Registrars/Deputy Registrars/Joint Registrars (Examination Branch)/ Tabulation Sections
3. Single Window Section
4. IT Director/ Computer Programmer
5. Web Manager (for uploading in University Websites)

പകർപ്പ്: PS to VC/PA to Registrar/PA to CE/SF

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

University of Malayalam of File EG I.3/Name Change/Name Correction/15981/2019 Approved by CONTROLLER OF EXAMINATIONS on 27-Nov-2025 04:15 PM - Page 3